# പതിനഞ്ചാം കേരള നിയമസഭ

മൂന്നാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2021 നവംബർ 8, തിങ്കൾ

**നമ്പർ 47**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു .

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം :

മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് 152 അടിയാക്കുന്നതിന് ബേബി ഡാം അടക്കമുള്ളവ ബലപ്പെടുത്തണമെന്ന തമിഴ്നാടിന്റെ ആവശ്യത്തിന് വഴങ്ങി ഡാം പ്രദേശത്തെ മരങ്ങൾ മുറിക്കാൻ തമിഴ്നാടിന് അനുമതി നൽകിയതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരസ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. വനം-വന്യജീവി വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) സംസ്ഥാനത്തെ ജലസ്രോതസ്സുകൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. കെ. പി. മോഹനൻ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി വൈദ്യുതി വകുപ്പുമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ശബരിമല തീർത്ഥാടനകാലം ആരംഭിക്കുന്നതിനു മുൻപ് സംസ്ഥാനത്തെ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ. മോൻസ് ജോസഫ് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1973/2021(i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | എം.ജി. സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിനിക്ക് ഗവേഷണം പൂർത്തീകരിക്കാൻ അവസരം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 2 | ശ്രീമതി സി.കെ. ആശ | തൊഴിലുറപ്പ് പദ്ധതിയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം തൊഴിലാളികളുടെ വേതന വിതരണം | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. എ. പ്രഭാകരൻ | ബി ഇ എം എൽ-ന്റെ സ്വകാര്യവത്കരണം തടയുന്നതിന് നടപടി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 4 | ശ്രീ. എം. രാജഗോപാലൻ | ചീമേനി വ്യവസായ പാർക്ക് | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5 | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | മട്ടന്നൂർ-മണ്ണൂർ-ഇരിക്കൂർ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | സീതിഹാജി പാലത്തിന്റെ പി 2 പിയർ പുനർ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. ഐ.ബി. സതീഷ് | ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം ട്രെയിനിംഗ് അക്കാദമി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ഡോ. മാത്യു കുഴൽനാടൻ | മൂവാറ്റുപുഴ പ്രദേശത്തെ കുടിവെള്ളക്ഷാമം | ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 9 | ശ്രീ. പി.എസ്. സുപാൽ | റേഷൻ മണ്ണെണ്ണയുടെ വിലവർദ്ധനവ് | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 10 | ശ്രീ. സജീവ് ജോസഫ് | നടുവിൽ പോളിടെക്നിക്കിന്റെ പ്രവർത്തനം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |

അതാതു വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ട് സമർപ്പണം :

ഹർജികൾ സംബന്ധിച്ച സമിതിയുടെ ഒന്നാമത്തെ റിപ്പോർട്ട് സഭയിൽ സമർപ്പിച്ചു.

നിയമനിർമ്മാണകാര്യം :

സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും :

2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ, 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള

കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുകളിന്മേൽ വിയോജിപ്പ് രേഖപ്പെടുത്തിയ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. അൻവർ സാദത്ത്, ശ്രീ. എ. കെ. എം. അഷ്റഫ് എന്നീ അംഗങ്ങൾ സംസാരിച്ചു.

2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയക്കണമെന്ന ഭേദഗതി ഡോ. എൻ. ജയരാജ് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എ. സി. മൊയ്തീൻ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. പി. മമ്മിക്കുട്ടി അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ടി. ജെ. വിനോദ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. കെ. ബാബു (*തൃപ്പൂണിത്തുറ*) അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. മാത്യു ടി. തോമസ് അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീമതി സി. കെ. ആശ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. വാഴൂർ സോമൻ അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. സണ്ണി ജോസഫ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച് സംസാരിച്ചു.

2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. സജീവ് ജോസഫ് അവതരിപ്പിച്ച് സംസാരിച്ചു. പ്രസ്തുത ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എം. നൗഷാദ് ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീമതി ദെലീമ അവതരിപ്പിച്ച് സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ബില്ലുകൾ വകുപ്പുതിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും 2021-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള കർഷക തൊഴിലാളി (ഭേദഗതി) ബിൽ, 2021-ലെ കേരള തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2021-ലെ കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ ഭേദഗതി കൂടാതെ സഭ പാസ്സാക്കുകയും, 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ താഴെപ്പറയുന്ന ഭേദഗതികളോടെ സഭ പാസ്സാക്കുകയും ചെയ്തു.

<u>സബ്ജക്ട് കമ്മറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ</u>

<u>മൂന്നാം വകുപ്പ്</u>

In section 9(1) proposed to be substituted in the principal Act by Clause 3, after the words “Headmistress or” the words “Principal or” shall be inserted.

<u>നാലാം വകുപ്പ്</u>

(i) In section 17(2)(g) proposed to be substituted in the principal Act by Clause 4(a), the word and symbol “Vice-” shall be deleted.

(ii) In section 17 (2)(h) proposed to be substituted in the principal Act by Clause 4(b), the word and symbol “Vice-” shall be deleted.

2021 നവംബർ 9-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകുന്നേരം 5.02-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FIFTEENTH KERALA LEGISLATIVE ASSEMBLY

Third Session

# BULLETIN—PART I

(Brief Record of Proceedings)

*Monday, November 8, 2021*

**No. 47**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions* :

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion* :

After hearing the Minister for Forest and Wildlife, the Speaker withheld consent to the moving of an adjournment motion given notice of by Shri Thiruvanchoor Radhakrishnan and five other Members regarding the serious situation reported to have arisen consequent on the granting of permission to Tamil Nadu to fell trees at the Mullaperiyar Dam site after yielding to the demand of that State to raise the water level of the Dam to 152 ft by strengthening all dams including the Baby Dam.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention* :

(1) Shri K. P. Mohanan called the attention of the Minister for Water Resources the necessity to conserve the sources of water in the State. The Minister for Electricity on behalf of the Minister for Water Resources made a statement thereto.

(2) Shri Mons Joseph called the attention of the Minister for Public Works and Tourism to the necessity to take steps to complete the maintenance work of roads in the State before the commencement of the Sabarimala Pilgrimage season. The Minister made a statement thereto.

KNPP. 1973/2021(ii).

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീ. വി. ഡി. സതീശൻ | എം.ജി. സർവ്വകലാശാലയിൽ ഗവേഷണ വിദ്യാർത്ഥിനിക്ക് ഗവേഷണം പൂർത്തീകരിക്കാൻ അവസരം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 2 | ശ്രീമതി സി. കെ. ആശ | തൊഴിലുറപ്പ് പദ്ധതിയിലെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗം തൊഴിലാളികളുടെ വേതന വിതരണം | തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 3 | ശ്രീ. എ. പ്രഭാകരൻ | ബി ഇ എം എൽ-ന്റെ സ്വകാര്യവത്കരണം തടയുന്നതിന് നടപടി | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 4 | ശ്രീ. എം. രാജഗോപാലൻ | ചീമേനി വ്യവസായ പാർക്ക് | നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി |
| 5 | ശ്രീമതി കെ. കെ.ശൈലജ ടീച്ചർ | മട്ടന്നൂർ-മണ്ണൂർ-ഇരിക്കൂർ റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 6 | ശ്രീ. പി. കെ. ബഷീർ | സീതിഹാജി പാലത്തിന്റെ പി 2 പിയർ പുനർ നിർമ്മാണം | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 7 | ശ്രീ. ഐ.ബി. സതീഷ് | ശാസ്താംപാറ അഡ്വഞ്ചർ ടൂറിസം ട്രെയിനിംഗ് അക്കാദമി | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 8 | ഡോ. മാത്യൂ കുഴൽനാടൻ | മൂവാറ്റുപുഴ പ്രദേശത്തെ കുടിവെള്ളക്ഷാമം | ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |
| 9 | ശ്രീ. പി.എസ്. സുപാൽ | റേഷൻ മണ്ണെണ്ണയുടെ വിലവർദ്ധനവ് | ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി |
| 10 | ശ്രീ. സജീവ് ജോസഫ് | നടുവിൽ പോളിടെക്നിക്കിന്റെ പ്രവർത്തനം | ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിക്കുവേണ്ടി പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Report:*

The First Report of the Committee on Petitions was presented.

*Legislative Business* :

Motion for consideration and further stages of the following Bills as reported by the Subject Committee :

The Kerala Education (Amendment) Bill, 2021, The Kerala Cashew Workers' Relief and Welfare Fund (Amendment) Bill, 2021, The Kerala Agricultural Workers' (Amendment) Bill, 2021, The Kerala Labour Welfare Fund (Amendment) Bill, 2021 and The Kerala Tailoring Workers' Welfare Fund (Amendment) Bill, 2021.

Shri V. Sivankutty, Minister for General Education and Labour moved the motion that The Kerala Education (Amendment) Bill, 2021, The Kerala Cashew Workers' Relief and Welfare Fund (Amendment) Bill, 2021, The Kerala

Agricultural Workers' (Amendment) Bill, 2021, The Kerala Labour Welfare Fund (Amendment) Bill, 2021 and The Kerala Tailoring Workers' Welfare Fund (Amendment) Bill, 2021 as reported by the Subject Committee be taken up for consideration and spoke.

Prof. Abid Hussain Thangal, Shri T. V. Ibrahim, Shri Anwar Sadath and Shri A.K.M. Ashraf who recorded their dissent to the Subject Committee Reports spoke.

DR. N. Jayaraj moved an amendment to recommit The Kerala Education (Amendment) Bill, 2021 to the same Subject Committee and spoke. Shri P. Mammikutty as authorised by Shri A. C. Moideen moved another amendment to circulate the Bill for obtaining public opinion and spoke.

Shri K. Babu (*Thripoonithura*) as authorised by Shri T. J. Vinod moved an amendment to circulate The Kerala Cashew Workers' Relief and Welfare Fund (Amendment) Bill, 2021 for obtaining public opinion and spoke. Shri Mathew T. Thomas moved another amendment to recommit the Bill to the same Subject Committee and spoke.

Shri T. Siddique moved an amendment to circulate The Kerala Agricultural Workers' (Amendment) Bill, 2021 for obtaining public opinion and spoke. Shri Sebastian Kulathunkal moved another amendment to recommit the Bill to the same Subject Committee and spoke.

Shri Vazhoor Soman as authorised by Smt. C. K. Asha moved an amendment to circulate The Kerala Labour Welfare Fund (Amendment) Bill, 2021 for obtaining public opinion and spoke. Shri M. Vincent as authorised by Shri Sunny Joseph moved another amendment to recommit the Bill to the same Subject Committee and spoke.

Shri Sajeev Joseph moved an amendment to circulate The Kerala Tailoring Workers' Welfare Fund (Amendment) Bill, 2021 for obtaining public opinion and spoke. Smt. Daleema as authorised by Shri M. Noushad moved another amendment to recommit the Bill to the same Subject Committee and spoke.

After discussion and reply of the Minister the amendments moved were withdrawn with the leave of the House. Then The Kerala Cashew Workers' Relief, Welfare Fund (Amendment) Bill, 2021, The Kerala Agricultural Workers'

(Amendment) Bill, 2021, The Kerala Labour Welfare Fund (Amendment) Bill, 2021 and The Kerala Tailoring Workers' Welfare Fund (Amendment) Bill, 2021 as reported by the Subject Committee were taken into consideration and passed without any amendments and The Kerala Education (Amendment) Bill, 2021 as reported by the Subject Committee was taken into consideration and passed by the House with the following amendments:

The Kerala Education (Amendment) Bill, 2021 as reported by the Subject Committee

*Clause 3*

In section 9(1) proposed to be substituted in the principal Act by Clause 3, after the words “Headmistress or” the words “Principal or” shall be inserted.

*Clause 4*

(i) In section 17(2)(g) proposed to be substituted in the principal Act by Clause 4(a), the word and symbol “Vice-” shall be deleted.

(ii) In section 17 (2)(h) proposed to be substituted in the principal Act by Clause 4(b), the word and symbol “Vice-” shall be deleted.

The House adjourned at 5.02 p.m. to meet again at 9.00 a.m. on Tuesday November 9, 2021.

S. V. UNNIKRISHNAN NAIR,
*Secretary.*